ഉത്തരം

(എ&ബി) ഇല്ല. എന്നാൽ എസ്.എസ്.എൽ.സി. പാസ്സാകാത്തവർക്ക് ഐ.ടി.ഐ.-കളിൽ പ്രവേശനത്തിനർഹമായ നോൺമെട്രിക് ട്രേഡുകൾ ഉണ്ട്. അവയുടെ പേരു വിവരം ചുവടെ ചേർക്കുന്നു :

1. സാനിറ്ററി ഹാർഡ്വെയർ ഫിറ്റർ
2. പ്ലംബർ
3. മെക്കാനിക്ക് ട്രാക്ടർ
4. ഷീറ്റ് മെറ്റൽ വർക്കർ
5. വെൽഡർ
6. കാർപെന്റർ
7. ഫൗണ്ടറിമെൻ
8. വയർമാൻ
9. പെയിന്റർ ജനറൽ
10. മെക്കാനിക്ക് അഗ്രികൾച്ചറൽമെഷിനറി
11. അപ്ഹോൾസ്റ്ററി

മിനിസ്റ്റീരിയൽ വിഭാഗത്തിലെ ജീവനക്കാർക്കുള്ള പ്രൊമോഷൻ കാര്യം

47 (3793) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ യോഗ്യരായ മിനിസ്റ്റീരിയൽ വിഭാഗത്തിലെ ജീവനക്കാർക്ക് ഹൈസ്കൂൾ, യു.പി. സ്കൂൾ അദ്ധ്യാപക തസ്തികയിൽ എത്ര ശതമാനം പ്രൊമോഷൻ ക്വോട്ടയാണ് നിലവിലുള്ളത് ;

(ബി) പൊതു വിദ്യാഭ്യാസ വകുപ്പിലെ യോഗ്യരായ അദ്ധ്യാപകർക്ക് ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തികയിൽ എത്ര ശതമാനം പ്രൊമോഷൻ ക്വോട്ടയാണുള്ളത് ;

(സി) വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിലെ യോഗ്യരായ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് അദ്ധ്യാപക തസ്തികകളിൽ ഇപ്പോൾ എത്ര ശതമാനം പ്രൊമോഷൻ ക്വോട്ടയാണ് നിലവിലുള്ളത് ;

(ഡി) പൊതു വിദ്യാഭ്യാസ വകുപ്പിലെ ക്ലാസ്-4 ജീവനക്കാർക്ക് ഹയർ സെക്കണ്ടറിയിലെ ലാബ് അസിസ്റ്റന്റ് തസ്തികയിൽ എത്ര ശതമാനം പ്രൊമോഷൻ ക്വാട്ടയാണ് നിലവിലുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തികകളിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ യോഗ്യരായ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് എത്ര ശതമാനം പ്രൊമോഷൻ ക്വാട്ടയാണ് നിലവിലുള്ളത് ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ ;

(എഫ്) വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ യോഗ്യരായ മിനിസ്റ്റീരിയൽ വിഭാഗത്തിന് നിശ്ചിത ശതമാനം പ്രൊമോഷൻ ക്വാട്ട അനുവദിക്കുന്നതിന്റെ കൂടെ ഹയർസെക്കണ്ടറി വിഭാഗത്തിലും യോഗ്യരായ മിനിസ്റ്റീരിയൽ വിഭാഗക്കാർക്ക് നിശ്ചിത ശതമാനം പ്രൊമോഷൻ കോട്ട അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(ജി) സർക്കാരിന് സാമ്പത്തിക ബാദ്ധ്യത കുറയ്ക്കാൻ കഴിയുന്ന ഈ തീരുമാനം എടുക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ ; ഇത് സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത് ; ഈ ഫയലിൽ അനുകൂല തീരുമാനം എടുക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹൈസ്ക്കൂൾ വിഭാഗത്തിന് -10%-ഉം എൽ.പി./യു.പി. വിഭാഗങ്ങളിൽ -5%-ഉം പ്രൊമോഷൻ കോട്ടയാണ് നിലവിലുള്ളത്.

(ബി) 25%

(സി) 5%

(ഡി) 25%

(ഇ) നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പിലെ യോഗ്യരായ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തികയിലേയ്ക്ക് പ്രൊമോഷന് വ്യവസ്ഥയില്ല.

(എഫ്&ജി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

നിയമന നിയന്ത്രണം പിൻവലിച്ചുകൊണ്ടുള്ള ഉത്തരവ്

48 (3794) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂളുകളിൽ അധിക ഡിവിഷൻ ഒഴിവുകളിൽ 2006-07 അദ്ധ്യയന വർഷം മുതൽ ഏർപ്പെടുത്തിയിരുന്ന നിയമന നിയന്ത്രണം പിൻവലിച്ച് ഉത്തരവുണ്ടായിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) എത്ര അദ്ധ്യാപകരുടെ നിയമനമാണ് അംഗീകരിക്കാനുള്ളത് ; ഇവരുടെ നിയമനങ്ങൾ അംഗീകരിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് പുതിയ ഉത്തരവിലുള്ളത് ; പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര അദ്ധ്യാപകർക്ക് അംഗീകാരം നൽകുന്നതിന് സാധിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly